9307/2

09 NOV 2018

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീ.ജയൻ.വി, ഇൻസെക്ട് കളക്ടർ ഫയൽ ചെയ്ത ഒ.എ 363/2018 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് പാലിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ(സാധാ)നം.3202/2018/ആ.കു.വ തീയതി, തിരുവനന്തപുരം, 24.10.2018.

---

പരാമർശം: 1. ശ്രീ.ജയൻ.വി, ഇൻസെക്ട് കളക്ടർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, പത്തനംതിട്ട സമർപ്പിച്ച 14.05.2018 ലെ നിവേദനം (അനുബന്ധം എ 12).

2. ഒ.എ 363/2018 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.07.2018 ലെ അന്തിമ ഉത്തരവ്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.09.2018 ലെ ഇജി5-70149/18/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ഇൻസെക്ട് കളക്ടർ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.ജയൻ.വി, തിരുവനന്തപുരം സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ നിലവിലുണ്ടായിരുന്ന ഇൻസെക്ട് കളക്ടർ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിക്കാത്തതിനാൽ ടിയാൻ ഒ.എ 363/2018 നമ്പരായി ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തിരുന്നു.

2. ബഹു. ട്രിബ്യൂണൽ, പരാമർശം 2 പ്രകാരം പ്രസ്തുത ഒ.എ തീർപ്പാക്കുകയും ചുവടെ പറയും പ്രകാരം ഉത്തരവ് നൽകുകയും ചെയ്തു.

*" The Original Application is disposed of with a direction to the Government to take a decision on Annexure A12 representation, in accordance with law, after affording an opportunity of being heard to the applicant, as expeditiously as possible, at any rate, within a period of two months from the date of receipt of a certified copy of this order".*

3. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് 30.08.2018 ന് സർക്കാർ പ്രതിനിധി അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രതിനിധിയും ഹിയറിംഗ് വേളയിൽ ഹാജരായിരുന്നു. തിരുവനന്തപുരം ജില്ലയിൽ ഫീൽഡ് വർക്കർ തസ്തികയിൽ ജോലി നോക്കി വരവേ, പത്തനംതിട്ടയിൽ പുതുതായി വെക്ടർ കൺട്രോൾ യൂണിറ്റ് രൂപീകരിച്ചവേളയിൽ തന്നെ പ്രസ്തുത ജില്ലയിലേക്ക് മാറ്റി നിയമിച്ചുവെന്നും തുടർന്ന് പ്രസ്തുത ജില്ലയിൽ ഇൻസെക്ട് കളക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിക്കുകയും ചെയ്തുവെന്ന് ഹിയറിംഗ് വേളയിൽ അപേക്ഷകൻ അറിയിച്ചു. പത്തനംതിട്ട ജില്ലയിൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയതിനാൽ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറിന് അപേക്ഷ സമർപ്പിച്ചിട്ടും ആയത് പരിഗണിച്ചില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ഉണ്ടായ ഇൻസെക്ട് കളക്ടറുടെ ഒഴിവിൽ പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടും ആയത് പരിഗണിക്കാതെ തിരുവനന്തപുരം ജില്ലയിലെ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും പ്രൊമോഷൻ വഴി പ്രസ്തുത ഒഴിവ് നികത്തുകയാണുണ്ടായതെന്നും അപേക്ഷകൻ പരാതിപ്പെട്ടു. കൂടാതെ 8 വർഷമായി സ്വന്തം ജില്ലയായ തിരുവനന്തപുരത്തെ വീട്ടിൽ നിന്നും അകന്ന് പത്തനംതിട്ട ജില്ലയിൽ ജോലി നോക്കുന്ന തനിക്ക് തിരുവനന്തപുരം ജില്ലയിലേക്ക്

സ്ഥലംമാറ്റം നൽകി സഹായിക്കണമെന്നും അപേക്ഷിച്ചു

4. പരാമർശം 3 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ടു ചെയ്യു.

*"GO(Ms)No.202/94/H&FWD dated, 01.09.1994 പ്രകാരം ഫീൽഡ് അസിസ്റ്റന്റിന്റെ അഭാവത്തിൽ ഫീൽഡ് വർക്കർമാർക്ക് ഫൈലേറിയോളജിയിലെ ട്രെയിനിംഗോ അല്ലെങ്കിൽ ഫൈലേറിയ സർവ്വേ, കൺട്രോൾ വർക്കിലോ രണ്ട് വർഷത്തെ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ നേരിട്ട് ഇൻസെക്ട് കളക്ടറായി പ്രൊമോഷൻ നൽകാവുന്നതുമാണ്.*

*12.12.2017 ൽ നിലവിൽ വന്നിട്ടുള്ള സ്പെഷ്യൽ റൂൾ ജി.ഒ(പി)നം.76/2017/എച്ച്&എഫ്.ഡബ്ല്യു.ഡി, തിരുവനന്തപുരം പേജ് നമ്പർ 11 കോളം നമ്പർ 6 പ്രകാരം ഫീൽഡ് അസിസ്റ്റന്റ്/ഇൻസക്ട് കളക്ടർ തസ്തികകളുടെ നിയമനാധികാരി ജില്ലാ മെഡിക്കൽ ആഫീസർ ആണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ തന്നെ ഈ തസ്തികകൾ ജില്ലാതല നിയമനങ്ങളാണ്. ക്ലാസ് ഫോർ വിഭാഗത്തിൽ ഉൾപ്പെടുന്ന ഫീൽഡ് വർക്കർ തസ്തികയുടെ പ്രൊമോഷൻ തസ്തികകളാണ് ഫീൽഡ് അസിസ്റ്റന്റ്/ഇൻസക്ട് കളക്ടർ തസ്തികകൾ. ഇവ ജില്ലാതല തസ്തികകളുമാകുന്നു. ഈ വിഷയത്തിൽ സ്പെഷ്യൽ റൂൾസിൽ വ്യക്തത വരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് എന്റമോളജി യൂണിറ്റിലുള്ള ഇൻസക്ട് കളക്ടർ തസ്തികകൾ ഉൾപ്പെടെയുള്ള എട്ട് തസ്തികകളും തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ട തസ്തികകളാണ്. മാത്രമല്ല ഈ തസ്തികകൾ ജില്ലയിലെ ഫീൽഡ് വർക്കർമാരുടെ പ്രൊമോഷൻ തസ്തികയുമാണ്. സ്റ്റേറ്റ് എന്റമോളജി യൂണിറ്റിലെ ഇൻസക്ട് കളക്ടർമാരുടെ തസ്തികകളെ കുറിച്ച് വ്യക്തത വരുത്തി 23.02.2018 ലെ ഇജി5-61737/18/ആ.വ.ഡ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.*

*ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റുകൾ എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ പുനർവിന്യസിക്കേണ്ടി വന്നിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തിയത് ജീവനക്കാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിലും, ജില്ലയിൽ ജൂനിയറായ ജീവനക്കാരെ നിയമിച്ചുകൊണ്ടും ആയിരുന്നു. അത്തരത്തിൽ ഷിഫ്റ്റ് ചെയ്യപ്പെട്ട ജീവനക്കാർ ആ ജില്ലയിലെ ഡി.ആർ.ബി ആയി പരിഗണിക്കപ്പെടുകയും പ്രസ്തുത ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് ഫീൽഡ് വർക്കറുടെ പ്രൊമോഷൻ തസ്തികകളായ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്ട് കളക്ടർ എന്നീ ഉദ്യോഗക്കയറ്റ തസ്തികകളിൽ പ്രവേശിച്ചിട്ടുള്ളത്. അവർ പത്തനംതിട്ട ജില്ലയിലെ ഡി.ആർ.ബി-യിൽ ഉൾപ്പെട്ട് ആ ജില്ലയിലെ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഇൻസെക്ട് കളക്ടർമാർ ആയിട്ടുള്ളത്. ജി.ഒ(ആർ.ടി)നം.1309/2004/എച്ച്&എഫ്.ഡബ്ല്യു.ഡി തീയതി തിരുവനന്തപുരം 07.05.2004 ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ ടി ജീവനക്കാർ രണ്ടുപേരും അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല.*

*ജില്ലാതല നിയമനമായതിനാൽ സ്റ്റേറ്റ് എന്റമോളജിയിലെ ഒഴിവുകളിലേക്ക് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ പ്രൊവിഷണൽ പ്രൊമോഷൻ നൽകിയത് പരാതിയോ, അപ്പീലോ സ്വീകരിക്കുന്നതിലേക്കാണ്. പിന്നീട് ഈ നിയമനം റഗുലറൈസ് ചെയ്യുന്നതുമാണ്. നിലവിൽ സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ഒഴിവില്ലാത്തതിനാലും, ഇത് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി അല്ലാത്തതിനാലും പരാതിക്കാർ ഇതുവരെ അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാത്തതിനാലും ഇരുവരുടേയും അപേക്ഷ നിരാകരിക്കുകയാണുണ്ടായത്".*

5. അപേക്ഷകന്റെ പ്രസ്താവനയുടേയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും, ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ സെലക്ട് ലിസ്റ്റിൽ നിന്നും ഫീൽഡ് വർക്കർ തസ്തികയിൽ നിയമനം ലഭിച്ച് ജില്ലയിൽ തുടരവേ പത്തനംതിട്ട ജില്ലയിൽ പുതുതായി രൂപീകരിച്ച ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലേക്ക് പുനർവിന്യസിക്കപ്പെട്ട അപേക്ഷകൻ പ്രസ്തുത ജില്ലയിൽ സ്ഥാനക്കയറ്റം വഴി ഇൻസെക്ട് കളക്ടർ തസ്തികയിൽ നിയമിതനായി 8 വർഷമായി ജില്ലയിൽ തുടർന്നുവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ പ്രൊമോഷൻ/തസ്തികമാറ്റം വഴി നിയമിക്കപ്പെടുന്ന എല്ലാ തസ്തികകളും സംസ്ഥാനതല സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയാണ് പ്രൊമോഷൻ/സ്ഥലംമാറ്റ നടപടികൾ സ്വീകരിച്ചുവരുന്നത്. എന്നാൽ ഫീൽഡ് വർക്കർ തസ്തികയുടെ പ്രൊമോഷൻ തസ്തികകളായ ഫീൽഡ് അസിസ്റ്റന്റ്,

ഇൻസെക്ട് കളക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്നിവ ജില്ലാതല സീനിയോറിറ്റിയായിട്ടാണ് പരിഗണിക്കപ്പെടുന്നത് എന്നാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആയത് നിയമപ്രകാരമല്ല. അത്തരത്തിൽ കണക്കാക്കണമെന്ന് ഒരു സർക്കാർ ഉത്തരവിലും നിഷ്കർഷിച്ചിട്ടുമില്ല.

6. കൂടാതെ 12.12.2017 ലെ GO(P)No.76/2017/H&FWD പ്രകാരമുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്ട് കളക്ടർ തസ്തികകളുടെ നിയമനാധികാരി ജില്ലാ മെഡിക്കൽ ഓഫീസർ ആണെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറിന്റെ അവകാശവാദം ശരിയല്ല. പ്രസ്തുത തസ്തികകൾക്ക് നേരിട്ടുള്ള നിയമനരീതി ബാധകമല്ല. സ്പെഷ്യൽ റൂളിലെ Note 6 പ്രകാരം തസ്തികമാറ്റം വഴിയുള്ള നിയമനാധികാരി ആരോഗ്യ വകുപ്പ് ഡയറക്ടർ ആണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതുപ്രകാരം 'Category 4(B) ഫീൽഡ് വർക്കറുടെ പ്രൊമോഷൻ തസ്തികകളായ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്ട് കളക്ടർ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ നടത്തുന്ന സംസ്ഥാനതല നിയമനങ്ങളാണ്. 2017 ഡിസംബർ മാസം സ്പെഷ്യൽ റൂൾ നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്ന തസ്തികകളുടെ നിയമന/പ്രൊമോഷൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്ന എല്ലാ പഴയ ഉത്തരവുകളും അസാധുവായിരിക്കുകയാണ്. ആയതുപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ നിലവിലുണ്ടായിരുന്ന ഇൻസെക്ട് കളക്ടർ ഒഴിവിൽ, പഴയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 30.07.2018 ലെ A8-30597/18/DMOH പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ നിന്നുമുള്ള താൽക്കാലിക പ്രൊമോഷൻ നിയമവിരുദ്ധമാണ്. അതുപോലെ ഫീൽഡ് വർക്കറുടെ പ്രൊമോഷൻ തസ്തികയായ ഇൻസെക്ട് കളക്ടർ തസ്തിക ജില്ലാതല നിയമനമാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് എന്റമോളജിയിലെ ഇൻസെക്ട് കളക്ടർ ഒഴിവ് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി ആയി പരിഗണിക്കാൻ കഴിയില്ല എന്നും 23.02.2018 ലെ ഇ.ജി5-61737/18/ആ.വ.ഡ നമ്പർ പ്രകാരം ഏകപക്ഷീയമായ അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവും ക്രമപ്രകാരമല്ല. PSC മുഖേന നേരിട്ടുള്ള നിയമനത്തിനാണ് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി പരിഗണിക്കുന്നത്. ഇവിടെ ഇൻസെക്ട് കളക്ടർ തസ്തികക്ക് നേരിട്ടുള്ള നിയമന രീതിയില്ല. ആയത് പ്രൊമോഷൻ തസ്തികയാണ്.

7. മേൽ സാഹചര്യത്തിൽ 30.07.2018 ലെ A8-30597/18/DMOH നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ നടത്തിയ പ്രൊവിഷണൽ പ്രൊമോഷൻ ഉത്തരവും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2018 ലെ ഇ.ജി5-61737/2018/ആ.വ.ഡ നമ്പർ ഉത്തരവും റദ്ദ് ചെയ്യുന്നു. ഇൻസെക്ട് കളക്ടർ തസ്തിക ഫീൽഡ് വർക്കർ തസ്തികയുടെ പ്രൊമോഷൻ തസ്തികയായതിനാൽ അവ സംസ്ഥാനതല സീനിയോറിറ്റിയായി കണക്കാക്കി, തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ചിട്ടുള്ള അപേക്ഷകൻ ഉൾപ്പെടെയുള്ള ഇൻസെക്ട് കളക്ടർമാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് എന്റമോളജി യൂണിറ്റ് ഉൾപ്പെടെയുള്ള കാര്യാലയങ്ങളിലെ ഒഴിവിൽ സ്ഥലംമാറ്റം നൽകി നിയമനം നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

8. ശ്രീ.ജയൻ.വി, ഇൻസെക്ട് കളക്ടർ സമർപ്പിച്ച 14.05.2018 ലെ നിവേദനം അപ്രകാരം തീർപ്പാക്കിക്കൊണ്ട് ഒ.എ 363/2018 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 5.7.2018 ലെ ഉത്തരവ് പാലിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.മനോഹരൻ നായർ,**

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ശ്രീ.ജയൻ.വി, ഇൻസെക്ട് കളക്ടർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, പത്തനംതിട്ട-689502.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Milan

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ: ഇ3/5-93072/2018 തീയതി. 16.11.18

മേൽ ഉത്തരവ് ബഹു. ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ അറിവിലേക്കും, അനന്തര നടപടികൾ സ്വീകരിക്കുന്നതിനായും അയയ്ക്കുന്നു.

[illegible]